# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3685** | **20/06/2019-ൽ മറുപടിയ്ക്ക്**

## നിപ വൈറസ് ബാധ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** സംസ്ഥാനത്തു രണ്ടാമതും നിപ വൈറസ് ബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ ആയത് പ്രതിരോധിക്കുന്നതിന് കൂടുതൽ ഫലപ്രദമായ മരുന്നുകൾ കണ്ടുപിടിക്കുന്നതിനുള്ള പഠന ഗവേഷണങ്ങൾ നടത്താൻ ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;<br>**ബി)** ഇത്തരം പഠന ഗവേഷണങ്ങൾക്കായി ദേശീയ-അന്തർദേശീയ സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും സഹകരണം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ; | **എ) യും ബി) യും** നിപ പ്രതിരോധിക്കുന്നതിന് ഫലപ്രദമായ മരുന്നുകൾ കണ്ടുപിടിക്കുന്നതിനാവശ്യമായ വിപുലമായ സർക്കാർ ഗവേഷണ സംവിധാനം സംസ്ഥാനത്ത് നിലവിലില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വിവിധ ഗവേഷണ സ്ഥാപനങ്ങൾ വഴി ആഗോള ഗവേഷണ സ്ഥാപനങ്ങളുമായുള്ള സഹകരണത്തോടെ ഫലപ്രദമായ മരുന്നുകൾ കണ്ടുപിടിക്കാൻ കഴിയുമെന്നുതന്നെയാണ് സർക്കാർ പ്രത്യാശിക്കുന്നത്. |
| **സി)** കഴിഞ്ഞ വർഷം സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിപ വൈറസ് ബാധ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഈ രോഗം വരാതിരിക്കാനുള്ള മുൻകരുതൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിരുന്നുവോ; പ്രതിരോധ പ്രവർത്തനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ജാഗ്രതക്കുറവ് വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടോ എന്നറിയിക്കുമോ ; | **സി)** നടത്തിയിരുന്നു. രോഗം നേരത്തെ കണ്ടെത്തുന്നതിനും, രോഗം സ്ഥിരീകരിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ ഉചിതമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി. ആശുപത്രികളിൽ നിന്നുമുള്ള രോഗബാധ തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡിസംബർ മുതൽ ജൂൺ മാസങ്ങളിൽ വവ്വാലുകളുടെ പ്രജനന കാലഘട്ടത്തിലാണ് നിപ വൈറസ് വ്യാപനം നടക്കുന്നതെന്ന് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നവംബർ- ഡിസംബർ മാസത്തിൽ തന്നെ ജാഗ്രതാ നിർദ്ദേശം നൽകുകയും, പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ മുൻകൂട്ടി നടപ്പിലാക്കുകയും ചെയ്തു. ആശുപത്രികളിൽ അണുനശീകരണ |

➡

പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ആവശ്യമായ മരുന്നുകളുടെയും വ്യക്തിഗത സുരക്ഷ സംരക്ഷണ സാമഗ്രികളുടെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ടായിരുന്നു. ഇപ്രകാരം നിപ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ അത്യന്തം ജാഗ്രതോടെ നടത്തിയിരുന്നതുകൊണ്ടാണ് നിപ തുടക്കത്തിൽ തന്നെ കണ്ടെത്താനായതും നിയന്ത്രിക്കാനായതും.

**ഡി)** വിവിധ തരം പനികൾ പടർന്നുപിടിക്കുന്നത് തടയുന്നതിന് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഡി)** സ്വീകരിച്ചിട്ടുണ്ട്. പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നത് തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള കർമ്മപദ്ധതിയായ 'ആരോഗ്യ ജാഗ്രത' – 2019 ജനുവരി മാസം മുതൽ തന്നെ ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**